'കണക്കു കൂട്ടുമ്പോൾ ഞാൻ കണക്കു കൂട്ടുന്നു. അല്ലാത്തപ്പോഴൊക്കെ ഞാനൊരു സാധാരണ, പാവം സ്ത്രീയാണ്.' എന്ന് ശകുന്തള തന്നെത്തന്നെ വിവരിക്കുന്നു. 'സംഖ്യകളുമായി നിങ്ങൾ സ്നേഹത്തിലാണ്, അല്ലേ?' എന്ന ചോദ്യത്തിന് ശകുന്തളാദേവി നൽകിയ മറുപടി ഇതാണ്: 'ആവോ! അറിഞ്ഞുകൂടാ. വ്യക്തമായി നിർവചിക്കപ്പെടാത്ത ഒരു കാര്യമാണത്. ഗണിതശാസ്ത്രം, എന്നെ സംബന്ധിച്ചിടത്തോളം തികച്ചും യാന്ത്രികം മാത്രമാണ്.'

(അവലംബം: ജൂൺ 3-ലെ സ്റ്റേറ്റ്സ്മാൻ പത്രത്തിലുള്ള ഒരു ലേഖനം)

(29 ജൂൺ, 1984)

# 62. ഉമേശ് ഹഡിമണി

കർണാടകസംസ്ഥാനത്തിലെ ബീജാപ്പൂർ ജില്ലയിലെ ഒരു ഗ്രാമമാണ് ബിജരഗ്ഗി. 1983-ാം വർഷത്തിന്റെ തുടക്കത്തിൽ ബിജരഗ്ഗിയിലെ പ്രാഥമികവിദ്യാലയത്തിൽ ഒരു പുതിയ കണക്കുമാസ്റ്റർ നിയമിക്കപ്പെട്ടു.

താൻ ജോലിയിൽ ചേർന്ന ആദ്യദിവസം ഈ അദ്ധ്യാപകൻ നാലാം ക്ലാസ്സിലെ കുട്ടികളോട്, അവർക്ക് ഏതെല്ലാം അക്കങ്ങളുടെ പെരുക്കപ്പട്ടിക (എണ്ണുവടി) അറിയാമെന്നു ചോദിച്ചു. കുട്ടികളുടെ നിലവാരം അറിഞ്ഞിട്ടുവേണമല്ലോ, ഏതു മുതൽ പഠിപ്പിച്ചു തുടങ്ങണമെന്നു തീരുമാനിക്കുവാൻ.

ക്ലാസ്സിന്റെ ഒരു മൂലയിൽ ഒതുങ്ങിയിരിക്കുകയായിരുന്ന 'ഉമേശ്' എന്ന, ഒമ്പതു വയസ്സായ പയ്യനോടും അദ്ധ്യാപകൻ ഇതേ ചോദ്യം ആവർത്തിച്ചു. കാഴ്ചയിൽ ഒരു പ്രത്യേകതയും ഇല്ലാതിരുന്ന ഉമേശ്, പക്ഷേ, അദ്ധ്യാപകനോട് ആ ചോദ്യം തിരിച്ചു ചോദിക്കുകയാണുണ്ടായത്. 'ഏതെല്ലാം അക്കങ്ങളുടെ പെരുക്കപ്പട്ടിക മാസ്റ്റർക്ക് അറിയാം?' ധിക്കാരമെന്നു പ്രഥമദൃഷ്ടിയിൽ തോന്നാവുന്ന ഈ ചോദ്യം, ശിഷ്യന്റെ അറിവിനെ ആഴത്തിൽ പരിശോധിക്കുവാൻ ഗുരുവിനെ പ്രേരിപ്പിച്ചു. അഞ്ച് അക്കംവരെയുള്ള (ഒരു ലക്ഷത്തിൽ താഴെയുള്ള) ഏതു സംഖ്യയുടെയും പെരുക്കപ്പട്ടിക ഒരു പ്രയാസവും കൂടാതെ, നിന്നനില്പിൽ, ഉമേശ് ചൊല്ലുന്നതു കേട്ട് അദ്ധ്യാപകൻ അമ്പരന്നുപോയി.

ഉമേശ് ഹഡിമണിയുടെ അത്ഭുതകരമായ ഗണിതപാടവത്തെപ്പറ്റി അദ്ധ്യാപകൻ ഒരു കന്നഡപത്രത്തിൽ എഴുതി. കർണാടകസംസ്ഥാനത്തിലെ ചിത്രദുർഗജില്ലയിൽ സിരിഗെരെ എന്ന സ്ഥലത്തുള്ള ശ്രീതരളബല്ലു ജഗദ്ഗുരു ബൃഹന്മഠത്തിലെ തലവനായ ഡോ. ശിവമൂർത്തി ശിവാചാര്യ മഹാസ്വാമിജിയുടെ ദൃഷ്ടിയിൽ ഈ വാർത്ത പെട്ടു. സ്വാമിജി ഈ അത്ഭുതബാലനെ സിരിഗെരെയിലേക്കു വരുത്തി. ദാവൻഗെരെ എന്ന സ്ഥലത്തുള്ള റസിഡൻഷ്യൽ സ്കൂളിൽ ചേർത്തു. കർണാടക ഗവൺമെന്റ് ഉമേശ് ഹഡിമണിക്ക് ആണ്ടിൽ അയ്യായിരം രൂപാവീതം പ്രത്യേക സ്കോളർഷിപ്പ് അനുവദിച്ചു. പത്തു വർഷത്തേക്ക് ഈ സ്കോളർഷിപ്പ് ഉമേശിനു കിട്ടിക്കൊണ്ടിരിക്കും.

കണക്ക് ഒഴികെ മറ്റ് എല്ലാ വിഷയങ്ങളിലും ഉമേശ് ഹഡിമണി ശരാശരി നിലവാരമേ പുലർത്തുന്നുള്ളൂ. എന്നാൽ, കണക്കിൽ ഉമേശിനു

മാർഗദർശനം നൽകുവാൻ തങ്ങൾക്ക കഴിവില്ലെന്ന് ദാവൻഗെരെയിലെ ഗണിതാദ്ധ്യാപകർക്ക വളരെവേഗം ബോദ്ധ്യപ്പെട്ടു. കൂടുതൽ മെച്ചപ്പെട്ട പഠനസൗകര്യങ്ങൾ ഉമേശിന ലഭ്യമാക്കണമെന്നും, അതും ഉടൻ വേണമെന്നും അവർ ശിവാചാര്യ മഹാസ്വാമിജിയോട്ട പറഞ്ഞു. കർണാടകത്തിലെ ചില സർവകലാശാലകളിലെ കണക്കശാസ്ത്ര പ്രൊഫസർമാരോട്ട് ഉമേശ് ഹഡിമണിയുടെ ആചാര്യസ്ഥാനം ഏറ്റെടുക്കാൻ മഹാസ്വാമിജി അഭ്യർത്ഥിച്ചു പക്ഷേ, പ്രൊഫസർമാർക്ക് ഈ ഗ്രാമീണ ബാലനിൽ താല്പര്യം തോന്നിയില്ല. അതിനാൽ, രാഷ്ട്രത്തിന്റെ, ഉന്നതതല നേതൃത്വത്തിന്റെ ശ്രദ്ധ ഈ ബാലന്റെ അസാധാരണമായ കഴിവിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ഡോ. ശിവമൂർത്തി ശിവാചാര്യ മഹാസ്വാമിജി അവനെ ഇക്കഴിഞ്ഞ മെയ്മാസത്തിൽ ഡില്ലിയിലേക്ക കൂട്ടിക്കൊണ്ടുപോയി. അവിടെവെച്ച് ഉമേശ് തന്റെ ഗണിതശാസ്ത്രസാമർത്ഥ്യപ്രകടനംകൊണ്ടു പത്രപ്രവർത്തകരെ വിസ്മയിപ്പിച്ചു.

ഒരു മഹാനഗരത്തിൽ ആദ്യമായി എത്തിപ്പെടുന്ന കുഗ്രാമബാലന്റെ എല്ലാ അമ്പരപ്പും ഉമേശിന്റെ വിടർന്ന കണ്ണുകളിൽ തലസ്ഥാനത്തെ പത്രലേഖകർ കണ്ടു പക്ഷേ, ഗണിതശാസ്ത്രത്തിലെ ഏതെങ്കിലും പ്രശ്നം അവതരിപ്പിച്ചാൽ അവന്റെ മട്ട മാറും. അവന്റെ പുരികങ്ങൾ ഉയരും. മുഖത്തിൽ ഏകാഗ്രത ഓളംവെട്ടും. അത്ഭുതകരമായ ഏതോ സിദ്ധിവിശേഷം അവനു കൈവന്നിട്ടുണ്ടെന്നു കാഴ്ചക്കാർക്ക വ്യക്തമാവും.

നിങ്ങൾ ജനിച്ച തീയതിയും സമയവും ഉമേശിനോട്ട പറയുക. ചോദ്യം ചോദിച്ച നിമിഷത്തിൽ നിങ്ങൾക്ക് എത്ര വർഷവും മാസവും ദിവസവും മണിക്കൂറും സെക്കൻഡും പ്രായമായി എന്ന് ഉമേശ് ഉടൻ പറഞ്ഞുതരും.

ഡില്ലിയിലെയും ബാംഗളൂരിലെയും ജനസംഖ്യകൾ ഉമേശിനോട്ട പറഞ്ഞപ്പോൾ, ഈ അക്കങ്ങൾ തമ്മിലുള്ള അനുപാതം ഒരു മിനിററിനുള്ളിൽ കൃത്യമായി കണക്കാക്കി ഉമേശ് തിരിച്ചുപറഞ്ഞു.

ഉമേശിനു പത്തു വയസ്സേ ആയിട്ടുള്ളൂ. ഗണിതശാസ്ത്രത്തിലെ സാങ്കേതികസംജ്ഞകളൊന്നും അവനു അറിഞ്ഞുകൂടാ 'ഒന്നുമുതൽ അമ്പതുവരെയുള്ള അക്കങ്ങൾ അനുക്രമം കൂട്ടുക' എന്നു പറഞ്ഞാൽ അവന് മനസ്സിലാവില്ല, 'ഈ മരത്തിൽ ഒരു കിളി ഇരിക്കുന്നു. അടുത്ത മരത്തിൽ രണ്ടു കിളി. അതിനടുത്ത മരത്തിൽ മൂന്നു കിളി അങ്ങനെ അമ്പതാമത്തെ മരത്തിൽ അമ്പതു കിളി ഇരിക്കുന്നു. ആകെ എത്ര കിളി?' എന്നു ചോദിച്ചപ്പോൾ രണ്ടു മിനിററിനുള്ളിൽ ഉമേശ് മറുപടി പറഞ്ഞു: 'ആയിരത്തിയിരുന്നൂററി എഴുപത്തഞ്ചു കിളി ' സാധാരണ ഒരാൾക്ക കടലാസ്സും പെൻസിലുമുപയോഗിച്ച് ഈ കണക്ക ചെയ്യാൻ പത്തു മിനിറെറങ്കിലും വേണ്ടിവരും

രാകേശ് ശർമയുടെ അന്തരീക്ഷയാത്രയായിരുന്നു അന്നത്തെ പ്രധാന വാർത്ത. ഉമേശിനോട്ട് ഇങ്ങനെയൊരു ചോദ്യം ചോദിച്ചു: 'രാകേശ് ശർമയുടെ അന്തരീക്ഷവാഹനം സെക്കൻഡിൽ എട്ടു കിലോമീററർ ദൂരം സഞ്ചരിക്കുന്നുവെങ്കിൽ,, ഏഴു ദിവസംകൊണ്ടു് രാകേശ് ശർമ എത്രദൂരം സഞ്ചരിച്ചിട്ടുണ്ടാവും?' ഒന്നരമിനിററിൽ ഉമേശ് ഉത്തരം നൽകി: '48,38,400 കിലോമീററർ.'

'ഉത്തരം എങ്ങനെ കിട്ടി?' എന്ന ചോദ്യത്തിനു് ഉമേശ് പറഞ്ഞ മറുപടി ഇതാണ്: 'ഒരു ദിവസത്തിൽ എത്ര സെക്കൻഡ് എന്നു ഞാൻ ആദ്യം കൂട്ടിനോക്കി. ആ സംഖ്യ 88,400 ആണെന്നു ഞാൻ കണ്ടു. ഈ സംഖ്യയെ ഞാൻ ഏഴുകൊണ്ടു പെരുക്കി; കിട്ടിയ അക്കം എട്ടുകൊണ്ടു പെരുക്കിയപ്പോൾ ഉത്തരമായി.' -

'ഏഴ ദിവസത്തിനു 6, 04, 800 സെക്കൻഡു ആണല്ലോ. ഈ സംഖ്യയെ ഉമേശു എട്ടുകൊണ്ടു പെരുക്കിയതെങ്ങനെ?' 'ഞാൻ ആദ്യം ആറു ലക്ഷത്തെ എട്ടുകൊണ്ടു പെരുക്കി; പിന്നെ നാലായിരത്തെ; പിന്നെ എണ്ണൂറിനെ. അവസാനം മൂന്നു തുകയുംകൂടി കൂട്ടി.'

തികച്ചും സാധാരണ രീതിതന്നെ. പക്ഷേ, ഇതെല്ലാം ചെയ്തതു മനസ്സിലാണെന്നതും, എല്ലാററിനുംകൂടി ഒന്നര മിനിറേറ വേണ്ടിവന്നുള്ള എന്നതും നമ്മെ അമ്പരപ്പിക്കുന്നു.

ഉമേശു ഹഡിമണിയെപ്പററിയുള്ള ഈ വിവരങ്ങരം ഞാൻ ഗ്രഹിച്ചതു മെയു 10—ാം തീയതിയിലെ 'സ്റ്റേററ്സ്മാൻ' പത്രത്തിലെ ഒരു വാർത്തയിൽനിന്നാണു. ഈ പത്രത്തിൻെറ ലേഖകൻ ഉമേശിനോടു, അമ്പത്താറായിരത്തി നൂററിരുപത്തൊമ്പതിനെ ആയിരത്തെണ്ണൂററി എഴുപത്തിരണ്ടുകൊണ്ടു പെരുക്കാൻ പറഞ്ഞു. 'അതിനു കുറച്ചു സമയം വേണം.' ഉമേശു ആത്മഗതമായി പറഞ്ഞു മൂന്നു മിനിററുനേരം മുറിയുടെ തട്ടിൽ നോക്കിയിരുന്നശേഷം ഉമേശു ഉത്തരം നൽകി: 'പതിനൊന്നുലക്ഷത്തി ആറായിരത്തി മുന്നൂററിയെൺപത്തെട്ടു.' ഉത്തരം ശരിയോ എന്നറിയാൻ പത്രലേഖകൻ തൻെറ കാൽക്കുലേററർ പുറത്തെടുത്തു. പക്ഷേ, അത്രയേറെ അക്കങ്ങരം കാണിക്കാനുള്ള കഴിവു ആ പാവം കാൽക്കുലേറററിനു ഇല്ലായിരുന്നു. നിങ്ങരം ഈ കണക്കു കടലാസ്സിൽ ചെയ്തു നോക്കുക: അതിനു എത്ര മിനിററു എടുക്കുന്നു എന്നു ശ്രദ്ധിച്ചു മനസ്സിലാക്കുകയും ചെയ്യുക.

സ്വാഭാവികമായി ഉമേശിനു കൈവന്നിട്ടുള്ള സിദ്ധിയുടെ വൈപുല്യം നിങ്ങരംക്കു അപ്പോരം മനസ്സിലാവും.

(17 ജൂൺ, 1984)

# 63. രണ്ടു സംസ്കൃതപണ്ഡിതൻമാർ

ഡോക്ടർ എസ്. വെങ്കിടസുബ്രഹ്മണ്യയ്യരുടെയും ഡോക്ടർ എ. ജി. കൃഷ്ണവാരിയരുടെയും ചരമങ്ങരം, അതിവേഗത്തിൽ ശോഷിച്ചുവരുന്ന കേരളത്തിലെ സംസ്കൃതപാണ്ഡിത്യത്തിനു അടുത്തകാലത്തു നേരിട്ട അപരിഹാര്യങ്ങളായ രണ്ടു നഷ്ടങ്ങളാണു.

കേരള സർവകലാശാലയിലെ സംസ്കൃതവിഭാഗത്തിൻെറ അദ്ധ്യക്ഷരെന്നനിലയിൽ പ്രശസ്തസേവനം അനുഷ്ഠിച്ചവരാണു ഡോക്ടർ വാരിയരും ഡോക്ടർ അയ്യരും സംസ്കൃതത്തിൽ തങ്ങളുടെ പ്രത്യേക വിഷയങ്ങളിൽ അഗാധമായ പരിജ്ഞാനവും, സുചിന്തിതങ്ങളായ ആശയങ്ങരം ഇംഗ്ലീഷിലൂടെയും മലയാളത്തിലൂടെയും വിശദമായി ആവിഷ്കരിക്കുന്നതിനുള്ള അസാധാരണമായ കഴിവും രണ്ടുപേർക്കുമുണ്ടായിരുന്നു. ജ്ഞാനസാധന ഒരു തപസ്യയായി വളർത്തിയവരായിരുന്നു രണ്ടുപേരും.

അദ്വൈതവേദാന്തമായിരുന്നു ഡോക്ടർ കൃഷ്ണവാരിയരുടെ സവിശേഷപഠനമേഖല. ബനാറസു ഹിന്ദുയൂണിവേഴ്സിററിയിൽ ബിരുദാനന്തരപഠനം നടത്തുന്ന സമയത്തുതന്നെ അദ്ദേഹം കാശിയിലെ വേദാന്തപണ്ഡിതന്മാർക്കു ശിഷ്യപ്പെട്ടു, വേദാന്തത്തിലെ ഉപരിഗ്രന്ഥങ്ങരം പാരമ്പര്യസമ്പ്രദായത്തിൽ ഹൃദിസ്ഥമാക്കുകയുണ്ടായി. മദ്രാസു സർവകലാശാലയിലെ ഫിലോസഫി വിഭാഗത്തിൻെറ അദ്ധ്യക്ഷനായിരുന്ന ഡോക്ടർ ടി. എം. പി. മഹാദേവൻെറ നിദേശനത്തിനുകീഴിൽ 'അദ്വൈത